"ഭരണഭാഷ മാതൃഭാഷ"

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, ഹയർസെക്കന്ററി
വിഭാഗം, ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം

**നം.എസിഡി എസ്.പി.സി(1)/256362/2022/എച്ച്.എസ്.ഇ. തീയതി. 29/09/2022**

# സർക്കുലർ

**വിഷയം-** പൊതുവിദ്യാഭ്യാസ വകുപ്പ് - ഹ.സെ.വി.- മെറിറ്റ്-കം-മീൻസ് (ബി.പി.എൽ.) സ്കോളർഷിപ്പ് -2022-23- സംബന്ധിച്ച്.

ഹയർ സെക്കന്ററിയിൽ പഠിക്കുന്ന ബി.പി.എൽ. വിഭാഗക്കാരായ വിദ്യാർത്ഥികളിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്നവർക്ക് നൽകുന്നതിനായി 5000 രൂപ വീതമുള്ള സ്കോളർഷിപ്പ്പദ്ധതി 2007-08 മുതൽ നടപ്പിലുള്ളതാകുന്നു. പ്ലസ്വൺ വിദ്യാർത്ഥികളിൽ നിന്നും അപേക്ഷ സ്വീകരിച്ച് സ്കൂൾതല കമ്മിറ്റി പരിശോധിച്ച് മെറിറ്റ് കം മീൻസ് അടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പു നടത്തിയാണ് സ്കോളർഷിപ്പ് നൽകിവരുന്നത്. പ്ലസ്വണ്ണിൽ സ്കോളർഷിപ്പ് യോഗ്യത നേടുന്നവർക്ക് പ്ലസ്ടുവിലും സ്കോളർഷിപ്പിന് അർഹതയുള്ളതാണ് (മാനദണ്ഡങ്ങൾ പാലിയ്ക്കുന്ന പക്ഷം മാത്രം) മൂന്ന് വിഭാഗങ്ങളിലായാണ് പ്രസ്തുത സ്കോളർഷിപ്പ് നൽകി വരുന്നത്.

**ജനറൽ വിഭാഗം** :

ബി.പി.എൽ. വിഭാഗക്കാരായ വിദ്യാർത്ഥികളിൽ നിന്നും ലഭിക്കുന്ന മൊത്തം അപേക്ഷകളിൽ നിന്നും സ്കൂൾ തലത്തിൽ ഓൺലൈൻ പോർട്ടലിലൂടെ തെരഞ്ഞെടുക്കുന്നു. തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികളക്ക് തുക ട്രഷറി അലോട്ട്മെന്റായി അതത് സ്കൂൾ പ്രിൻസിപ്പാൾമാർക്ക് ലഭ്യമാക്കുന്നു. പ്രിൻസിപ്പാൽമാർ അർഹരായ വിദ്യാർത്ഥികളുടെ അക്കൗണ്ടുകളിലേക്ക് ട്രഷറിയിൽ നിന്നും നേരിട്ട് അക്കൗണ്ട് ട്രാൻസ്ഫറായി സ്കോളർഷിപ്പ് തുക നൽകുന്നു.

**പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം:**

ജനറൽ കാറ്റഗറി തെരഞ്ഞെടുപ്പ് പൂർത്തിയായശേഷം ബാക്കിയാകുന്ന അപേക്ഷകളിൽ പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ അപേക്ഷകൾ ഓൺലൈനായി ജില്ലാപഞ്ചായത്ത് തലത്തിലുള്ള തെരഞ്ഞെടുപ്പ് കമ്മിറ്റിക്ക് ലഭ്യമാക്കുന്നു. പ്രസ്തുത കമ്മിറ്റികൾ തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികൾക്ക് നൽകുന്നതിനായി തുക ട്രഷറി അലോട്ട്മെന്റായി അതത് സ്കൂൾ പ്രിൻസിപ്പാൾമാർക്ക് ലഭ്യമാക്കുന്നു. പ്രിൻസിപ്പാൽമാർ അർഹരായ വിദ്യാർത്ഥികളുടെ അക്കൗണ്ടുകളിലേക്ക് ട്രഷറിയിൽ നിന്നും നേരിട്ട് അക്കൗണ്ട് ട്രാൻസ്ഫറായി സ്കോളർഷിപ്പ് തുക നൽകുന്നു.

## ആർട്സ്/സ്പോർട്സ്/ഭിന്നശേഷി വിഭാഗം:

ദേശിയ തലത്തിലോ, സംസ്ഥാനതലത്തിലോ കലാകായിക മത്സരങ്ങളിൽ മികവ് തെളിയിച്ചിട്ടുള്ളവരിൽ നിന്നും, ഭിന്നശേഷി വിഭാഗക്കാരിൽ നിന്നും സംസ്ഥാനതല കമ്മിറ്റി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നു. പ്രസ്തുത കമ്മിറ്റികൾ തെരഞ്ഞെടുത്തു നൽകുന്ന വിദ്യാർത്ഥികൾക്ക് നൽകുന്നതിനായി തുക ട്രഷറി അലോട്ട്മെന്റായി അതത് സ്കൂൾ പ്രിൻസിപ്പാൾമാർക്ക് ലഭ്യമാക്കുന്നു. തുടർന്ന് പ്രിൻസിപ്പാൾമാർ അർഹരായ വിദ്യാർത്ഥികളുടെ അക്കൗണ്ടുകളിലേക്ക് ട്രഷറിയിൽ നിന്നും നേരിട്ട് അക്കൗണ്ട് ട്രാൻസ്ഫറായി സ്കോളർഷിപ്പ് തുക നൽക്കുന്നു.

സ്കോളർഷിപ്പ് പോർട്ടൽ, അഡ്മിഷൻ പോർട്ടലുമായി ബന്ധപ്പെടുത്തിയിട്ടുള്ളതാകയാൽ അപേക്ഷകളിലെ ഏതാനും വിശദാംശങ്ങൾ മാത്രമേ ഡാറ്റാ എൻട്രി ചെയ്യേണ്ടതായി വരികയുള്ളൂ. സ്കോളർഷിപ്പ് അപേക്ഷകളിലെ വിശദാംശങ്ങൾ കൃത്യമായി പരിശോധിച്ചതിനുശേഷം മാത്രമേ പോർട്ടലിൽ അപ്‌ലോഡ് ചെയ്യാവൂ.

## സ്കൂൾതല സെലക്ഷൻ കമ്മിറ്റി

വിദ്യാർത്ഥികൾ സമർപ്പിച്ച അപേക്ഷകൾ ഡാറ്റാ എൻട്രി ചെയ്യുന്നതിനു മുമ്പായി അപേക്ഷിക്കുന്നതിനുള്ള അർഹത പരിശോധിച്ച് ഉറപ്പുവരുത്തുന്നതിനും, റിന്യൂവലിനുള്ള വിദ്യാർത്ഥികൾ വ്യവസ്ഥകൾ പാലിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനും, സ്കൂൾ തലത്തിലുള്ള സ്കോളർഷിപ്പ് പരാതി സംബന്ധിച്ച പരിശോധനകൾക്കുമായി രൂപം കൊടുക്കുന്ന കമ്മിറ്റി.

### കമ്മിറ്റിയംഗങ്ങൾ

1. Principal (Chairperson)
2. P.T.A President
3. Head Master/Head Mistress of the High School
4. Staff Secretary
5. One representative from among the teachers elected by the Staff Council. One of the members of the committee shall be a woman.

പ്ലസ് വൺ പ്രവേശന നടപടികൾ പൂർത്തിയായിട്ടില്ലാത്തതിനാൽ ആദ്യ ഘട്ടത്തിൽ പ്ലസ് ടു വിദ്യാർത്ഥികൾക്കുള്ള റിന്യൂവലിനുള്ള അപേക്ഷയുടെ ഡാറ്റ എൻട്രി മാത്രമാണ് സ്വീകരിക്കുന്നത്. റിന്യൂവൽ ഡാറ്റ എൻട്രിക്കുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

- www.scholarship.dhse.kerala.gov.in എന്ന വെബ്ബ് പോർട്ടലിലാണ് ഡാറ്റ എൻട്രി ചെയ്യേണ്ടത്.

❖ ഡാറ്റ എൻട്രി ലിങ്ക് 30/09/2022 മുതൽ പോർട്ടലിൽ ലഭ്യമാവുന്നതാണ്.

❖ കഴിഞ്ഞ വർഷം (2021-22) ൽ പ്ലസ്‌വൺ വിദ്യാർത്ഥികളായിരിക്കെ ഈ സ്കോളർഷിപ്പിന് തെരഞ്ഞെടുക്കപ്പെട്ടവർക്ക് മാത്രമാണ് റിന്യൂവലിന് അർഹതയുള്ളത്. മേൽ സൂചിപ്പിച്ച മൂന്ന് വിഭാഗത്തിലുളളവരുടെയും റിന്യൂവൽ ഡാറ്റ എൻട്രി പോർട്ടൽ പരിശോധിച്ച് പൂർത്തിയാക്കേണ്ടതാണ്.

❖ +2 വിദ്യാർത്ഥികളിൽ നിന്നും പുതിയതായി അപേക്ഷ ശേഖരിക്കാൻ പാടുള്ളതല്ല. പ്ലസ്‌വണ്ണിൽ സ്കോളർഷിപ്പിന് അർഹരായവരിൽ നിന്നും പ്ലസ് വൺ മാർക്ക് ലിസ്റ്റിന്റെ പകർപ്പ്, ബാങ്ക് പാസ്ബുക്കിന്റെ പകർപ്പ് എന്നിവ ശേഖരിച്ച് പരിശോധ നടത്തി മാത്രമേ ഡാറ്റാ എൻട്രി നടത്താൻ പാടുളളൂ.

❖ കഴിഞ്ഞ വർഷം (2021-22) തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്ക് പ്ലസ്‌വൺ പൊതുപരീക്ഷയിൽ -

- D+ കുറയാത്ത ഗ്രേഡും, 70% കുറയാത്ത ഹാജരുമുണ്ടെങ്കിൽ പ്ലസ്ടു ക്ലാസിലും സ്കോളർഷിപ്പിന് അർഹതയുണ്ട്. സ്കൂൾതല സെലക്ഷൻ കമ്മിറ്റി ഗ്രേഡ് ഉറപ്പുവരുത്തി രേഖകൾ സഹിതം മിനിട്ടു ചെയ്ത് സൂക്ഷിക്കേണ്ടതാണ്. പ്ലസ് വൺ പൊതുപരീക്ഷയിൽ മേൽ വ്യവസ്ഥ പാലിക്കുന്നില്ലെങ്കിൽ പ്ലസ് വൺ ഇംപ്രൂവ്മെന്റ് പരീക്ഷയിൽ ആയത് നേടിയിട്ടുണ്ടെങ്കിൽ പരിഗണിക്കേണ്ടതാണ്. ഈ വർഷത്തെ ഇംപ്രൂവ്മെന്റ് പരീക്ഷ വൈകിയ സാഹചര്യത്തിൽ പ്ലസ് വൺ പൊതുപരീക്ഷയിൽ അർഹത നേടിയ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിക്കുന്നതും, അർഹത നേടിയിട്ടില്ലാത്തവർക്ക് ഇംപ്രൂവ്മെന്റ് റിസൾട്ട് കൂടി പരിഗണിച്ചശേഷം അവസരം നൽകുന്നതുമാണ്. ആയതിനാൽ 2022 പ്ലസ് വൺ പൊതുപരീക്ഷാഫലത്തിന്റെ അടിസ്ഥാനത്തിൽ അർഹത നേടിയവരെ **eligible**-ആയും അല്ലാത്തവരെ **ineligible**- ആയും രേഖപ്പെടുത്തേണ്ടതാണ്.

അപേക്ഷകൾ യഥാസമയം അപ്‌ലോഡ് ചെയ്തില്ലെങ്കിൽ അർഹതയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ലഭിക്കാത്ത സാഹചര്യമുണ്ടാകുമെന്ന് ശ്രദ്ധയിൽപ്പെടുത്തുന്നു.

**മുഴുവൻ അപേക്ഷകളുടെയും, റിന്യൂവലിന്റെയും ഡാറ്റ എൻട്രി 07/10/2022 വൈകിട്ട് 5 മണിയ്ക്കകം പൂർത്തിയാക്കിയിരിക്കണം.**

ഒപ്പ്/-

ജോയിന്റ്ഡയറക്ടർ (അക്കാഡമിക്)

പൊതുവിദ്യാഭ്യാസഡയറക്ടർക്കുവേണ്ടി